**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2180** **12-02-2024 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ; | (എ) | **മങ്കട പോലീസ് സ്റ്റേഷന് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനു മേൽപ്പറയുന്ന ഭൂമി പുറമ്പോക്കിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തി സപ്ലിമെന്ററി ബി.റ്റി.ആർ. അയച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ട് മങ്കട വില്ലേജ് ഓഫീസർക്ക് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയപരിധി നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കുമോ? | (സി) | മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായുള്ള സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ